കോഴിക്കോട് ജില്ലയിൽ കൂമ്പുചീയൽ രോഗനിയന്ത്രണത്തിനായി 6.8025 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ഡി) കാറ്റുവീഴ്ച രോഗനിയന്ത്രണം

കേന്ദ്രവിഹിതം	—	659.3979 ലക്ഷം രൂപ
സംസ്ഥാനവിഹിതം	—	516.9690 ലക്ഷം രൂപ
ആകെ		1176.3669 ലക്ഷം രൂപ

കൂമ്പുചീയൽ രോഗനിയന്ത്രണത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നതേയുള്ളൂ.

(ഇ) 37.697 കോടി രൂപ അടങ്കൽ തുകയായിട്ടുള്ള പദ്ധതിക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിനകം കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതം ചേർത്ത് 1176.3669 ലക്ഷം രൂപയും കർഷകരുടെ വിഹിതമായി 1518.825 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റാൻ ധനസഹായം

331 [1262] *ശ്രീ. ബിനോയ് വിശ്വം* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റുവീഴ്ചമൂലം ഉൽപാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര തുക കർഷകർക്ക് നൽകിയെന്നും എത്ര തെങ്ങുകൾ വെട്ടിമാറ്റിയെന്നും പുതിയതായി എത്ര തെങ്ങിൻ തൈകൾ വച്ച് പിടിപ്പിച്ചുവെന്നും അറിയിക്കാമോ;

(ബി) കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഓരോന്നിലും മേൽപ്പറഞ്ഞ കണക്കുകൾ എത്ര വീതമാണെന്ന് വേർതിരിച്ച് അറിയിക്കാമോ;

(സി) രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റിയശേഷം അപേക്ഷ സമർപ്പിച്ച കർഷകർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അർഹരായ കർഷകർക്ക് ഈ തുക നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ നാളികേരത്തിന്റെ വികസനത്തിനായി വിവിധ പദ്ധതികളിലൂടെ 2237.37 ലക്ഷം രൂപ കർഷകർക്ക് നൽകി. 891935 തെങ്ങുകൾ വെട്ടിമാറ്റി. 194663 തെങ്ങിൻ തൈകൾ വച്ച് പിടിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

ജില്ല	നൽകിയ തുക (ലക്ഷം)	വെട്ടിയ തെങ്ങുകൾ (എണ്ണം)	പുതിയ തൈകൾ വച്ചുപിടിപ്പിച്ചത്
കോഴിക്കോട്	6.715	1343	..
തൃശ്ശൂർ	879.18	351672	134663
എറണാകുളം	2.50	10000	..
തിരുവനന്തപുരം	443.75	177500	60000

(സി) കൃഷി വകുപ്പിന്റെ നിർദ്ദേശാനുസരണം നടപ്പിലാക്കിയ പദ്ധതികളിലൊന്നും തന്നെ, തെങ്ങുവെട്ടിമാറ്റിയശേഷം ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം

332 [1266] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ ഓരോ വർഷവും കടബാദ്ധ്യതമൂലം എത്ര കർഷകരാണ് ആത്മഹത്യ ചെയ്തതെന്ന് അറിയിക്കാമോ;

(ബി) ഇങ്ങനെ ആത്മഹത്യ ചെയ്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കടബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനോ, ഏറ്റെടുക്കുന്നതിനോ ബന്ധപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കാനോ നടപടി സ്വീകരിച്ചിരുന്നോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) 2001 മുതൽ 2004 ആഗസ്റ്റ് വരെ സംസ്ഥാനത്ത് കാർഷിക കടം മൂലം 213 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. 2004 സെപ്തംബർ മുതൽ ഇതേവരെയുള്ള ആത്മഹത്യയുടെ കണക്ക് ശേഖരിച്ചുവരുന്നു. †

(സി) ഇതു സംബന്ധിച്ച വിശദാംശം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly